**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **06-10-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പാക്കേജിലെ നിലമ്പൂർ സർക്കിളിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് വേണ്ടി നിലവിൽ അനുവദിച്ചിരിക്കുന്ന 45 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, ദ്യുതി സ്പെഷ്യൽ പാക്കേജിൽ നിലമ്പൂർ സർക്കിളിൽ അനുവദിച്ചിരിക്കുന്ന തുക 40.18 കോടി രൂപയാണ്. സാധാരണഗതിയിൽ വിതരണ രംഗത്തെ വർക്കുകൾക്ക് ആവശ്യമായ മെറ്റീരിയൽ കെ.എസ്.ഇ.ബി.എൽ. പർച്ചേസ് ചെയ്യുകയും ലേബർ വർക്കുകൾ മാത്രം കരാർ വിളിച്ച് കൊടുക്കുകയും ആണ് ചെയ്തിരുന്നത് നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ടി ദ്യുതി സ്പെഷ്യൽ പാക്കേജ് ടേൺ കീ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തത്. എന്നാൽ ജി.എസ്.ടി., centage charges തുടങ്ങിയ ചാർജ്ജുകൾ കരാർ തുകയിൽ (PAC (Probable Amount of Contract)) ഉൾക്കൊള്ളിക്കുന്നതിൽ ചില വ്യതിയാനങ്ങൾ കണ്ടെത്തുകയും 2025 ഏപ്രിൽ 26 ന് ടെൻഡറുകൾ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായതെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെട്ട നിലമ്പൂർ സർക്കിളിലെ ഭൂരിഭാഗം പ്രവൃത്തികളുടെയും ടെൻഡർ റദ്ദാക്കപ്പെട്ട നിലയിലാണുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | PAC (Probable Amount of Contract) കണക്കാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 04.08.2025-ലെ കെ.എസ്.ഇ.ബി.എൽ. ഉത്തരവ് B.O.(FTD) No.464/2025 (Dyuthi 24-25 Mission Summer 25-Part (1), Thiruvananthapuram പ്രകാരം PWD യിൽ നിന്നുള്ള മെമ്പറെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി യോഗം ചേർന്ന് നിശ്ചയിച്ച മാനദണ്ഡങ്ങൾ ബോർഡ് അംഗീകരിച്ചതിനെത്തുടർന്ന് പ്രവൃത്തികൾ ടെൻഡർ ചെയ്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ